# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **6098** 20/11/2019-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനുള്ള പുതിയ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും അവർക്ക് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് ഈ സർക്കാരിന്റെ കാലത്ത് പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായ് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. **സാമൂഹിക പഠന മുറി**<br>2. **ഗോത്രബന്ധു**<br>3. **അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം**<br>എ) കോളനികളുടെ സമഗ്രവികസനം<br>ബി) തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി.<br>സി) പി.കെ. കാളൻ കുടുംബപദ്ധതി<br>4. **ഗോത്രവാത്സല്യ നിധി**<br>5. **വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം**<br>6. **സമ്പൂർണ്ണ വൈദ്യുതീകരണം**<br>7. **കിഫ്ബി മുഖേന നടപ്പിലാക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീമെട്രിക് ഹോസ്റ്റലുകൾ, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾ.**<br>8. **മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ**<br>9. **ഗോത്രജീവിക**<br>10. **സമഗ്ര-ആദിവാസി സാക്ഷരതപരിപാടി.**<br>11. **ഗോത്രരശ്മി - സാമൂഹിക ശാക്തീകരണ പരിപാടി.** |

| | | | |
|---|---|---|---|
| | | | 12. **മില്ലറ്റ് വില്ലേജ് - അട്ടപ്പാടി.**<br>13. **പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാന ദായക കാർഷിക ഉദ്യമം**<br>14. **കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന സുസ്ഥിര വികസന പദ്ധതി.**<br>15. **മിൽമ മുഖേന നടപ്പിലാക്കി വരുന്ന ജീവനോപാധി പദ്ധതികൾ.**<br>16. **കരിയർഗൈഡൻസ് ജോബ് ഫെയർ**<br>17. **അട്ടപ്പാടി ട്രൈബൽ അപ്പാരൽപാർക്ക്**<br>18. **ആധുനിക മേഖലയിൽ തൊഴിൽ കണ്ടെത്തുന്നതിന് നടപടികൾ** |
| **(ബി)** | നിലവിലുണ്ടായിരുന്ന ഏതെങ്കിലും പദ്ധതികളുടെ പേര് മാറ്റി പുതിയ പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | **(ബി)** | നിലവിലുണ്ടായിരുന്ന പദ്ധതികളുടെ പേര് മാറ്റി പുതിയ പേരിൽ പദ്ധതി ആരംഭിച്ചിട്ടില്ല. |
| **(സി)** | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സങ്കേതങ്ങളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ; | **(സി)** | പട്ടികവർഗ്ഗ കുട്ടികളുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വെച്ച് പഠന സൗകര്യം ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ഇന്റർനെറ്റ് ഉൾപ്പടെയുള്ള എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടുത്തി **"സാമൂഹ്യ പഠന മുറി"** എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ 606 ലക്ഷം രൂപ ചെലവഴിച്ച് 2922 കുട്ടികൾക്ക് 100 പഠന മുറികൾ ഊരുകളിൽ ആരംഭിച്ചിട്ടുണ്ട്. |
| **(ഡി)** | പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനായി 2019-20 ൽ എത്ര തുകയാണ് അനുവദിച്ചത്; അതിൽ എത്ര തുക ഇതിനകം ചെലവഴിച്ചു; വിശദാംശം നൽകുമോ? | **(ഡി)** | 2019-20 സാമ്പത്തിക വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിനായി 14.27 കോടി രൂപ അനുവദിച്ചതിൽ 6.64 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ